**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5694** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സമുദ്ര തീരത്തിന്റെ അമ്പത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ നാളിതുവരെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ സാധിച്ചിട്ടുണ്ട്; ഈ പദ്ധതി നടപ്പാക്കുന്നതിൽ പ്രായോഗിക വൈഷമ്യങ്ങൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | വേലിയേറ്റരേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതിൽ മാറിത്താമസിക്കാൻ തയ്യാറായ 7,692 കുടുംബങ്ങളിൽ 10/08/2021 വരെ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2,275 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1,634 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 1156 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും 428 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1,174 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റു കളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തു നിന്ന് മാറി താമസിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിലുള്ള കാലതാമസവും തീരദേശ മേഖലയിൽ വലിയ ഭവനമുള്ളവരും 5 സെൻറിൽ കൂടുതൽ ഭൂമി ഉള്ളവരും മാറാൻ വിമുഖത കാണിക്കുന്നതും പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന പ്രായോഗിക വൈഷമ്യങ്ങളാണ്. |

സെക്ഷൻ ഓഫീസർ